**കേരള സർക്കാർ**

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# തൃക്കാക്കര നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം**
**website : www.ksad.kerala.gov.in**
**e-mail:lfadekm@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
**തീയതി : 21.03.2019**

നം.കെഎസ്എ-ഇകെഎം(എം.1)222/2019

ജോയിന്റ് ഡയറക്ടർ

ചെയർമാൻ,
തൃക്കാക്കര നഗരസഭ (സെക്രട്ടറി മുഖാന്തിരം)

സർ,

വിഷയം :- തൃക്കാക്കര നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

....................................

**********************************

.1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കാക്കര നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

.ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

.റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23 കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :-1) ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3) ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, എറണാകുളം.
5) ഓഫീസ് കോപ്പി.

.

നം.കെ.എസ്.എ-ഇ.കെ.എം(എം.1)222/2019 തീയതി: 21.03.2019

## എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ **തൃക്കാക്കര നഗരസഭയുടെ** <u>2017-18</u> സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.4.2017 മുതൽ 31.3.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ.കെ.ജി, ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4/2/2019 മുതൽ 14/2/2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അബ്ദുൽ സലാം ടി ഐ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | [illegible] | [illegible] |

| | | |
|---|---|---|
| | ശ്രീ ജ്യോതിമോൻ സി സി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ വിനീത് ആർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജോമോൾ എം ജോണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ബബിത ബി കുമാർ | സീ ഗ്രേ ഓഡിറ്റർ |
| | ശ്രീമതി ബെറ്റ്സി സി എക്സ് | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി നീനു | 01.04.2017മുതൽ 31.3.2018വരെ |
| സെക്രട്ടറി | ശ്രീ.പി എസ് ഷിബു | 01.04.2017മുതൽ 31.3.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.എസ് രാജേന്ദ്രൻ | 01.04.2017 മുതൽ 09.11.17 വരെ |
| | ശ്രീ.റാണാ എം.ആൻ | 10.11.2017മുതൽ 31.3.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.മേരി കാതറിൻ ജോർജ്ജ് | 1.4.2017മുതൽ 31.3.2018വരെ |
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീമതി.ഗീത കെ | 1.4.2017മുതൽ 31.3.2018വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.അനിത പി | 1.4.2017മുതൽ 31.5.17വരെ |
| | ശ്രീമതി.റെനി മേരി | 1.6.17മുതൽ 31.3.18വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.ലൌലി സക്കരിയ | 1.4.2017മുതൽ 31.3.2018വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി ധനുഷ എം | 1.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ദീപ്തി എം യു | 1.4.2017മുതൽ 20.7.17വരെ |
| | ഡോ.ആശാമോൾ ടി സി | 21.7.17മുതൽ 31.3.18 FNവരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ ആർ. സിന്ധു | 1.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ഡോ പ്രശാന്തി എം | 1.4.2017മുതൽ 6.8.17വരെ |
| | ഡോ ധന്യ കെ വി | 7.8.17മുതൽ 31.3.18വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അൻവർ | 1.4.2017മുതൽ 26.9.17വരെ |
| | ശ്രീ.അരുൺ | 27.9.17മുതൽ 31.3.18വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ.ബി ദിലീപ് | 1.4.2017മുതൽ 9.10.17വരെ |
| | ശ്രീമതി ഓമന സി എ | 10.10.17മുതൽ 31.3.18വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജാസ്മിർ ബി | 1.4.2017മുതൽ 31.3.2018വരെ |
| പ്രോജക്ട് ഓഫീസർ ജെ.എച്ച്.എെ.ഗ്രേഡ് 1 | ശ്രീമതി ദീപം. | 1.4.2017മുതൽ 11.10.17വരെ |
| | ശ്രീ പ്രദീപ് കുമാർ | 12.10.17മുതൽ |

| | | |
|---|---|---|
| | | 31.3.18വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി അഞ്ജു കുര്യൻ | 1.4.2017മുതൽ 31.3.2018വരെ |

**<u>ഉള്ളടക്കം</u>**



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം(R&P പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | രസീത് പരിശോധന - അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി - അപാകതകൾ | 2-2 |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 16 | വാടക ഈടാക്കിയില്ല | 2-4 |
| 17 | രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല | 2-5 |
| 18 | ഡി & ഒ ലൈസൻസ് - അപാകതകൾ | 2-6 |
| 19 | കെട്ടിടനികുതി- ഈടാക്കിയില്ല | 2-7 |
| 20 | നിർദ്ദിഷ്ട പരിധിയിലധികമുള്ള നിർമ്മാണം റഗുലറൈസ് ചെയ്ത് നല്കി | 2-8 |
| | ഭാഗം 3 | |
| 21 | നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല. | 3-1 |
| 22 | നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വെക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല. | 3-2 |
| 23 | ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ - ആദായ നികുതി 177970.56 രൂപ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല | 3-3 |
| 24 | കുടുംബശ്രീ മുഖാന്തിരമുള്ള മാലിന്യശേഖരണത്തിന് വാഹനം വാങ്ങൽ | 3-4 |
| 25 | കൺസൾട്ടൻസി ഫീസ്- ആദായനികുതി കുറവ് ഈടാക്കിയത് സംബന്ധിച്ച് | 3-5 |
| 26 | മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല | 3-6 |
| 27 | അങ്കണവാടി മെയിന്റനൻസ്-വാർഡ് 24-അപാകതകൾ. | 3-7 |
| 28 | ടാറിംഗ് പ്രവർത്തികൾക്ക് കാലി ബാരലുകൾക്ക് ജി.എസ്.ടി.ഈടാക്കുന്നില്ല | 3-8 |
| 29 | സേവന നികുതിയിനത്തിൽ തുക പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 3-9 |
| 30 | എസ്റ്റിമേറ്റ് പോലുമില്ലാതെ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക കൈമാറി. | 3-10 |
| 31 | കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല | 3-11 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- മുൻകൂർ നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 3-12 |
| 33 | പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-13 |
| | | |

| | | |
|---|---|---|
| | ഭാഗം 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 41 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 45 | ബാലൻസ് ഷീറ്റ് 2017-18 | അനുബന്ധം 2 |
| 46 | ഇൻകം& എക്സ്പെൻഡിച്ചർ 2017-18 | |
| 47 | റസീപ്റ്റ് & പേയ്മെന്റ് 2017-18 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

25.03.2017 തീയതിയിലെ നം.1തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 19.3.18 തീയതിയിലെ 1നം.തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2018 | 31/07/2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 08.08.2018-09.08.2018 | കെ.എസ്.എ.ഇ.കെ.എം.(എം.2) 1799/2018/ 03.09.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 112429628.81 |
| വരവ് | 518927649.00 |
| ആകെ | 631357277.81 |
| ചെലവ് | 430121527.00 |
| നീക്കിയിരിപ്പ് | 201235750.81 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- | 0 | 50549849 | 50549849 | 40830237 | 0 | 9719612 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 30545120 | 30545120 | 30240769 | 0 | 304351 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 22190411 | 22190411 | 20951441 | 0 | 1238970 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 16744245 | 16744245 | 12301768 | 0 | 4442477 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 65333850 | 65333850 | 54518545 | 0 | 10815305 |
| NULM | 777002 | 3464013 | 4241015 | 2357374 | 1883641 | |
| ശുചിത്വമിഷൻ | 898842 | 345409 | 1244251 | 1207449 | 36802 | |
| PMAY | 10000000 | 18668563 | 28668563 | 18722803 | 9945760 | |
| ദുരിതാശ്വാസനിധി | | 31635 | 31635 | 25283 | 6352 | |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 2754807 | 1764124 | 4518931 | 4103761 | 415170 | |
| ബി ഫണ്ട് | - | 74009500 | 74009500 | 74009500 | - | |
| തനത് ഫണ്ട് | 97510071 | 347680001 | 445190072 | 256711902 | 188478170 | |
| ക്യാഷ് | 488906 | 469855 | 958761 | 488906 | 469855 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 527 | 668414122 | 299 | 198746578 | 14 | 214 | 56.73 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2754807 | 1764124 | 4518931 | 493340 | 415170 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | | | 3610421 | |
| ആകെ | 2754807 | 1764124 | 4518931 | 4103761 | 415170 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 59400 | 85 |
| കർഷകതൊഴിലാളി പെൻഷൻ | 4227200 | 1401 |
| വിധവാപെൻഷൻ | 23856200 | 7367 |
| വാർദ്ധക്യകാലപെൻഷൻ | 38867900 | 10331 |
| വികലാംഗപെൻഷൻ | 6190400 | 1838 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ | 568400 | 185 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7/02/2019 തീയതിയിൽ 11 a.m ന് നഗരസഭ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 77973/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

<u>പദ്ധതി രൂപീകരണവും മോണിറ്ററിംഗും.</u>

2017-2018 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒരു പദ്ധതിയാണ് 'പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവ്'. 1000000 രൂപയായിരുന്നു ഈ പദ്ധതിയുടെ അടങ്കൽ. പദ്ധതി നടത്തിപ്പിനായി തൻവർഷം 864742/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണം പോലെ തന്നെ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പദ്ധതികളുടെ നിർവ്വഹണവും മോണിറ്ററിംഗും. ഓഡിറ്റ് വർഷം നടപ്പിലാക്കിയിരിക്കുന്ന പ്രോജക്ടുകളുടെ ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് ഉള്ളടക്കം ചെയ്തിട്ടില്ല. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ വർക്കിംങ് ഗ്രൂപ്പുകൾ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഓരോഘട്ടവും നിരീക്ഷിക്കുകയും തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണനിലവാരം ഉയർത്തും എന്നതിനാൽ ഇപ്രകാരം ചെയ്യുവാൻ വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്റ്റ്നിർവ്വഹണത്തിന്റെ ഓരോഘട്ടവും മോണിറ്റർ ചെയ്ത് മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ അധികാരവും ഉത്തരവാദിത്വവും വിനിയോഗിക്കേണ്ടതാണ്.

<u>ഡി&ഓ ലൈസൻസ് രജിസ്റ്റർ</u>

2017-18 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഡി & ഒ ലൈസൻസ് പിരിക്കുന്നതിന് വാർഡ് തിരിച്ച് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമല്ല. വരും വർഷങ്ങളിൽ രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സാംഖ്യ പ്രകാരമുള്ള വിവരങ്ങളുടെ പ്രിന്റ് ഔട്ട് എടുത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

<u>ഡെപ്പോസിറ്റ് രജിസ്റ്റർ</u>

2017-18 സാമ്പത്തികവർഷത്തിൽ നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി വർഷം ലഭിച്ച ഡെപ്പോസിറ്റുകളുടെ കൃത്യതയും വരവ്,ചെലവ്,നീക്കിയിരുപ്പ് സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

<u>സ്യൂട്ട് രജിസ്റ്റർ</u>

കേസിന്റെ വിശദാംശങ്ങൾ ,വിധിതീർപ്പ്, പുരോഗതി ,അഭിഭാഷകന് നല്കിയ ഫീസിന്റെ വിവരം എന്നിവ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

<u>ഇൻക്യുബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.</u>

ജീവനക്കാരുടെ പേരും മേൽ വിലാസവും എഴുതി സൂക്ഷിക്കാത്തതിനാൽ ജീവനക്കാർ സ്ഥലം മാറി പോകുകയാണെങ്കിൽ ഈ ജീവനക്കാരുമായി തുടർന്നുള്ള കത്തിടപാടുകൾ നടത്തുന്നതിന് കഴിയാതെ വരുന്നു. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

<u>നഗരസഭ വരവുകൾ- അപാകതകൾ</u>

ക്യാഷ്ബുക്ക് സമ്മറിയും ബാങ്ക് ബുക്കിന്റെയും പകർപ്പ് ദിനം പ്രതി എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇവ ഓഡിറ്റ് കാലയളവിൽ സൂക്ഷിച്ചിട്ടില്ല. സെക്രട്ടറിമാർ എല്ലാമാസവും 10ാം തീയതിക്കു മുൻപ് സ്ഥാപനത്തിലെ രേഖകളുമായി ബാങ്ക് പത്രിക ഒത്തുനോക്കി അക്കൗണ്ട് വിവരം ശരിയാണ് എന്ന് ഉറപ്പുവരുത്തി റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് സൂക്ഷിക്കണം. ഓരോ ദിവസവും ക്യാഷ് ബുക്ക് സമ്മറി ,ബാങ്ക് ബുക്ക് , ചിട്ട ,ഡേ ബുക്ക്എന്നിവയുടെ പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും ഒപ്പിട്ടു ഫയൽ ചെയ്യണം.ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്,ക്യാഷ് ബുക്ക് സമ്മറി,ബാങ്ക് ബുക്ക് , ഡേ ബുക്ക് എന്നിവ കൃത്യതയോടെ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 1.6.2016 | 2015-16 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.4.2017 മുതൽ 28.4.2017 വരെ | 2015-16 മുതൽ 2016-17 വരെ | 13.6.2017 |

# 1-12 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

അപാകതകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ അനുബന്ധം 2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 രസീത് പരിശോധന - അപാകതകൾ

1. രസീത് ബുക്കുകൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും പൂർണ്ണമായ കൈയ്യൊപ്പും രേഖപ്പെടുത്താതെ രസീത് ബുക്കുകൾ നൽകിയിരിക്കുന്നതായി കാണുന്നു.

2. രസീത് ബുക്കിൽ എല്ലാ പേജുകളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഫീസ് മുദ്ര പതിക്കേണ്ടതാണ്. രസീത് ബുക്ക് നം.760-ൽ ഇത്തരത്തിലുള്ള അപാകത കാണുന്നു.

3. ഉപയോഗശൂന്യമായ രസീതുകളുടെ എണ്ണം വളരെ കൂടുതലായി കാണുന്നു. രസീതുകൾ ഉപയോഗശൂന്യമാക്കാതെ സൂക്ഷിച്ച് ഉപയോഗിക്കേണ്ടതാണ്. കൂടാതെ ഉപയോഗശൂന്യമായ രസീതുകൾ ക്യാൻസൽ ചെയ്ത് കാരണം രേഖപ്പെടുത്തി ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4. ഫ്രണ്ട് ഓഫീസ് കമ്പ്യൂട്ടർ രസീതുകളുടെ കൗണ്ടർ ഫോയിൽ മെയ് മാസം മുഴുവനായിട്ടുള്ളതും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഭാഗികമായിട്ടുള്ളതും ഓഡിറ്റിന് ഹാജരാക്കിയില്ല. രസീതുകളുടെ കൗണ്ടർ ഫോയിൽ ശരിയായ വിധത്തിൽ അടുക്കും ചിട്ടയോടും കൂടി ക്രമീകരിച്ചിട്ടില്ല. കൂടാതെ ഭൂരിഭാഗം കൗണ്ടർ ഫോയിലുകളിലും രസീത് നമ്പർ പ്രിന്റ് ചെയ്തിരിക്കുന്നത് മുഴുവനായും പതിഞ്ഞിട്ടില്ല.

5. 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ഡേ ബുക്കുകൾ ഒന്നും തന്നെ ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായവിധത്തിൽ അടുക്കും ചിട്ടയോടും കൂടി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ എല്ലാം പരിഹരിക്കേണ്ടതാണ്.

# 2-2 തൊഴിൽ നികുതി - അപാകതകൾ

2017-18 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1)ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും രേഖപ്പെടുത്താൻ വെവ്വേറെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും രണ്ടിലെയും വിവരങ്ങൾ അപൂർണ്ണമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി രേഖപ്പെടുത്തുന്നതിന് 3 രജിസ്റ്ററുകൾ (വാല്യം 1,വാല്യം 2,വാല്യം 3)ഉപയോഗിച്ചിട്ടുണ്ട്. മൂന്ന് രജിസ്റ്ററിലും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. ചില പേജുകളിൽ സ്ഥാപനത്തിന്റെ പേര്, ജീവനക്കാരുടെ എണ്ണം, തൊഴിൽനികുതിയിനത്തിൽ ഈടാക്കിയ തുക, രസീത് നം., തീയതി എന്നിവ മാത്രവും മറ്റ് ചില പേജുകളിൽ സ്ഥാപനത്തിന്റെ പേര് മാത്രവുമാണുള്ളത്. ജീവനക്കാരുടെ പേരോ അർദ്ധവാർഷികവരുമാനത്തിന്റെ വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

2) ട്രേഡേഴ്സ് /ഇൻസ്റ്റിറ്റ്യൂഷൻസ് തൊഴിൽ നികുതി രജിസ്റ്റർ 4 വാല്യങ്ങളുണ്ടെങ്കിലും ഒന്നിൽ പോലും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. നിർണ്ണയിച്ച നികുതി രേഖപ്പെടുത്തിയിട്ടുണ്ടങ്കിലും ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കിയതിന്റെ വിവരം എഴുതിയിട്ടില്ല. ഡിസിബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

പ്രത്യേക സാമ്പത്തികമേഖലയിലുൾപ്പെടെ മറ്റേത് നഗരസഭയെക്കാളും കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന തൃക്കാക്കര നഗരസഭയിൽ തൊഴിൽ നികുതി,ഡി & ഒ ലൈസൻസ് എന്നീ വരവിനങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെയും ഗൗരവത്തോടെയും കൈകാര്യം ചെയ്തിട്ടില്ല. വരും വർഷങ്ങളിൽ രജിസ്റ്ററുകളിൽ വിവരങ്ങൾ പൂർണ്ണമായും എഴുതി സാംഖ്യയിൽ നിന്നും ഇവയുടെ പ്രിന്റ് ഔട്ടുകൾ എടുത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 2-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 സാമ്പത്തികവർഷത്തിൽ നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത (എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) മൂസ. കെ.ഐ

2) ഷാജഹാൻ.പി.എ
3) ഷെജിൻ.കെ.കെ
4) ആഷിക്.ടി.എ
5) ഇ.കെ.മുഹമ്മദ്കുഞ്ഞ്
6) അബ്ദുൾ ഹക്കീം
7) കെ.എ.മീതിയൻ
8) അജസ്.കെ.എ
9) വി.എം.സലിം
10) ഷബീർ.കെ.എം
11) സക്കീർ ഹുസൈൻ
12) ഷബിൻ ഇബ്രാഹിം
13) സാബു.വി.ഇ
14) വി.എം.അരുൺകുമാർ
15) ജിനു ജയിംസ് കണ്ടത്തിൽ
16) അബ്ദുൾ മനാഫ്
17) കെ.കെ.ഷംസു
18) കെ.ഐ.സിദ്ദീഖ്
19) പി.എ.സുലൈമാൻ
20) കെ.ഐ.അലി
21) എൻ.ആർ.ബാബു
22) ബിനോയി.ടി.ബേബി
23) ടി.എ.സിറാജ്ജുദീൻ
24) ഹംസ.പി.എസ്
25) ഇ.കെ.കരിം
26) സനൽകുമാർ
27) സത്താർ.സി.എം
28) ഡിൻസ് ജോയ്
29) കെ.എസ്.ഗിരിദാസൻ
30) അജസ്.കെ.എ
31) അബ്ദുൾ കരീം.എൻ.കെ
32) പ്രഭുകുമാർ.എൻ
33) പി.പി.ഇബ്രാഹിം
34) മുഹമ്മദ്.ഇ.വി
35) കെ.ഐ.ലത്തീഫ്
36) എ.എം.നിസ്സാം
37) ഷിയാസ്.കെ.എസ്
38) ഷാലു ഷാജൻ
39) സാബു.വി.ഇ
40)പി.എസ്.വാസു
41)സുരേന്ദ്രൻ.പി.എൻ
42)അബ്ദുൾ റഷീദ്.എ.ഐ
43)നാദിർഷ.പി.എം
44)തോമസ്.പി.എ
45)സന്തോഷ്കുമാർ.കെ.എൻ
46)കുര്യാക്കോസ് ജോൺ
47)എ.വി.ജോർജ്
48)മുഹമ്മദ് അജ്ഫർ
49)സിദ്ദിഖ്.പി.എം
50)സൈനുദീൻ.പി.എ

51)ഷറഫുദീൻ.കെ.എ

52)ജബ്ബാർ.കെ.എ

53)നൗഷാദ്.കെ.എം

54)അബ്ദുൾ കരീം.എം.എ

55)സുബിൻ ജോർജ്

56)സന്തോഷ്കുമാർ.എം.പി

57)ഷാജഹാൻ.പി.എ

58)ബേബി എബ്രഹാം

59)രഞ്ജിത്ത്.കെ.ലാലൻ

60)നാസർ.ഇ.കെ

61)അസീസ്.കെ.പി

62)പി.എ.പരീത്കുഞ്ഞ്

63)അൻസാരി.പി.എ

64)ഷെജിൻ.കെ.കെ

65)ബിജു.ടി.ബേബി

66)കര്യാക്കോസ്.ടി.മത്തായി

67)കുഞ്ഞുമോൻ.പി

68)പി.കെ.അലി

69)ജിനു ജയിംസ്

70)എൻ.എസ്.നിയാസ്

ഇവരിൽ നിന്ന് വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-4 വാടക ഈടാക്കിയില്ല

2017-18 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല.

1)ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്

| കെട്ടിട നം. | വാടകക്കാരൻ/ വാടകക്കാർ | പ്രതിമാസ വാടക | കുടിശിക വരുത്തിയ കാലയളവ് | ഈടാക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 12 | ഡാലസ് വർഗീസ് & എം.എസ് . അനിൽകുമാർ | 2221 | 10/17 മുതൽ 03/18 വരെ | 13326 |
| ആകെ | | | | 13326 |

2)സഹകരണ ആശുപത്രിക്ക് സമീപമുള്ള കടമുറികൾ

| ക്രമ നം. | കെട്ടിട നം. | വാടകക്കാരൻ/ വാടകക്കാർ | പ്രതിമാസ വാടക | കുടിശിക വരുത്തിയ കാലയളവ് | ഈടാക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | 46 | രാധ തിരുവാതിര | 10780 | 11/17-03/18 | 53900 |
| 2 | 50 | സാഗർ.എം.കെ | 2205(04/17-02/18)& 2315(03/18) | 04/17-03/18 | 26570 |
| ആകെ | | | | | 80470 |

3)എൻ.ജി.ഒ ക്വാർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കെട്ടിട നം. | വാടകക്കാരൻ/ വാടകക്കാർ | പ്രതിമാസ വാടക | കുടിശിക വരുത്തിയ കാലയളവ് | ഈടാക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | 1 | നസീർ & ഹംസ | 1760(06/17) & 1848 (07/17-03/18) | 06/17-03/18 | 18392 |
| 2 | 11 | വക്കച്ചൻ.കെ.എൻ | 1848 | 09/17-03/18 | 12936 |
| 3 | 60 | മിനി.വി.പി | 4631(04/17-09/17) & 4863 (10/17-03/18) | 04/17-03/18 | 56964 |
| 4 | 61 | സി.എ.കരീം | 4863 | 12/17-03/18 | 19452 |
| 5 | 67 | അക്ബർ.കെ.കെ | 4631(04/17-10/17) & 4863 (11/17-03/18) | 04/17-03/18 | 56732 |
| 6 | 68 | നിർമ്മല ഷാന്റിമോൾ | 4631(04/17-01/18) & 4863 (02/18-03/18) | 04/17-03/18 | 56036 |
| 7 | 69 | രാജേഷ് | 4863 | 02/18-03/18 | 9726 |
| 8 | 72 | ടി.കെ.വാസു | 4631(04/17-10/17) & 4863 (11/17-03/18) | 04/17-03/18 | 56732 |
| 9 | 79 | ടി.കെ. ശിവദാസൻ | 4631(04/17-10/17) & 4863 (11/17-03/18) | 04/17-03/18 | 56732 |
| 10 | | കെഎസ്ഇബി | 19847 | 04/17-03/18 | 238164 |
| ആകെ | | | | | 581866 |

താഴെ പറയുന്ന മുറികളുടെ വാടക ഈടാക്കിയതിന്റെയോ നിർണ്ണയിച്ചതിന്റെയോ വിവരങ്ങൾ വാടകരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
1)സഹകരണആശുപത്രിക്ക് സമീപമുള്ള കടമുറികളിലെ 49-ാം നമ്പർ മുറി

2)കാക്കനാട് ജംഗ്ഷനിലുള്ള ടാക്സി സ്റ്റാന്റ് കോംപ്ലക്സിലെ 4,5,6,7 നമ്പർ മുറികൾ

3)എൻജിഒ ക്വാർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സിലെ 40,41,42 നമ്പർ മുറികൾ

4)സ്റ്റേഡിയം ഷോപ്പിംഗ് കോംപ്ലക്സിലെ D1,D2,D3 നമ്പർ മുറികൾ

മുകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ കുടിശികയുള്ള കടമുറികളിൽ നിന്ന് അവശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി

അറിയിച്ചിട്ടുണ്ട്. എൻജിഒ ക്വാർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സിലെ 40,41,42,60,72,79 മുറികളിലെയും ടാക്സി സ്റ്റാന്റ് കോംപ്ലക്സിലെ 4,5,6,7 മുറികളിലെയും വാടകക്കാരുമായി കേസ് നിലവിലുണ്ടെന്നും കെ എസ് ഇ ബി യുമായി വാടക സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതായും അറിയിച്ചു. സഹകരണആശുപത്രിക്ക് സമീപമുള്ള കടമുറികളിലെ 49-ാം നമ്പർ മുറി ATM ന് ആയാണ് പണിതതെങ്കിലും ആരും എടുക്കാത്തതിനാൽ ഒഴിഞ്ഞുകിടക്കുകയാണെന്നും അറിയിച്ചു. സ്റ്റേഡിയം ഷോപ്പിംഗ് കോംപ്ലക്സിലെ D1 നമ്പർ മുറിയിൽ നഗരസഭയുടെ സാധനങ്ങൾ സൂക്ഷിച്ചിരിക്കുകയാണെന്നും D2,D3 നമ്പർ മുറികളിൽ വയോമിത്രത്തിന്റെ ഓഫീസ് പ്രവർത്തിച്ചു വരുകയാണെന്നും അറിയിച്ചിട്ടുണ്ട്.

വാടകകുടിശികയുള്ള കടമുറികളിൽ നിന്ന് അവശേഷിക്കുന്ന തുക ഈടാക്കുകയും കേസ് നിലനിൽക്കുന്നവയിൽ കോടതിവിധിക്കനുസൃതമായി നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# 2-5 രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല

1.ഡെപ്പോസിറ്റ് രജിസ്റ്റർ

2017-18 സാമ്പത്തികവർഷത്തിൽ നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി വർഷം ലഭിച്ച ഡെപ്പോസിറ്റുകളുടെ വരവ്,ചെലവ്,നീക്കിയിരുപ്പ് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I,അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ നിക്ഷേപങ്ങൾ കണ്ടെത്തി നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.സ്യൂട്ട് രജിസ്റ്റർ

കേസിന്റെ വിശദാംശങ്ങൾ ,വിധിതീർപ്പ്, പുരോഗതി ,അഭിഭാഷകന് നല്കിയ ഫീസിന്റെ വിവരം എന്നിവ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ലീഗൽ ചെലവിനത്തിൽ തൻവർഷത്തെ തുക AFS ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. കേസുകളുടെ ചെലവ് വിവരങ്ങൾ കൃത്യമായി സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഉദാഹരണത്തിന്, താഴെ പറയുന്ന ചെലവുകൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം., തീയതി | തുക | പരാമർശം |
|---|---|---|---|
| 1 | 164143 , 02.06.17 | 4,50,000/- | അഡ്വ .ഷാനവാസ് ഖാന് നല്കിയത് (കേസിന്റെ വിവരങ്ങൾ ഇല്ല) |
| 2 | 164263 ,14.07.17 | 67,500/- | അഡ്വ.രാജഗോപാലൻ നായർ (Apl നം.907/14 & മറ്റ് 12 എണ്ണവും) |
| 3 | 254693 , 06.03.18 | 9000/- | അഡ്വ.എസ്.ജമാൽ (CCCനം.223/2014) |
| 4 | 254728 , 19.03.18 | 30,000/- | അഡ്വ.കെ.ബി.രാജേഷിന് നല്കിയത് (WP(c)9191/2017) |
| ആകെ തുക | | 5,56,500/- | |

3) ഒട്ടുമിക്ക സെക്ഷനുകളിലും തൻപതിവേട് (PR)എഴുതുന്നില്ല. അതിനാൽ സെകഷനുകളിൽ വരുന്ന തപാലുകളുടെ എണ്ണം,നടപടി എടുക്കുന്നതിന്റെയും തീർപ്പാക്കുന്നതിന്റെയും പുരോഗതി എന്നിവ വിലയിരുത്തപ്പെടുന്നില്ല.

4)താഴെ പറയുന്ന നമ്പറുകളുള്ള വാഹനങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1.KL 7 BJ 3550-മഹീന്ദ്ര ബോലേറോ കാർ
2.KL 7 CG 948 ടാറ്റ ടിപ്പർ
3.KL 7 BQ 6498 ഇന്നോവ
4.KL 7 CF 6181 ടാറ്റ ക്ലസനോൺ ട്രക്ക്
5.KL 7 BY 9293 ട്രാവലർ ആംബുലൻസ്
6.KL 7 CK 860 ടാറ്റ എയ്സ് ട്രക്ക്

7.KL 7 CK 680 ടാറ്റ എയ്സ് ട്രക്ക്

8.KL 7 CK 930 ടാറ്റ എയ്സ് ട്രക്ക്

5.ഇൻക്യുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ജീവനക്കാരുടെ പേരും മേൽ വിലാസവും എഴുതി സൂക്ഷിക്കാത്തതിനാൽ ജീവനക്കാർ സ്ഥലം മാറി പോകുകയാണെങ്കിൽ തുടർന്നുള്ള കത്തിടപാടുകൾ നടത്തുന്നതിന് കഴിയാതെ വരുന്നു. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

# 2-6 ഡി & ഒ ലൈസൻസ് - അപാകതകൾ

2017-18 സാമ്പത്തികവർഷത്തിൽ നഗരസഭയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഡി & ഒ ലൈസൻസ് പിരിക്കുന്നതിന് വാർഡ് തിരിച്ച് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമല്ല. രജിസ്റ്ററുകളിൽ ക്രമനമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ എത്ര സ്ഥാപനങ്ങളുണ്ട്, ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും തുക പിരിച്ചിട്ടുണ്ട് എന്നത് വ്യക്തമല്ല. തുക ഒടുക്കിയിട്ടുള്ളതിന്റെ രസീത് നമ്പറും തീയതിയും ചുരുക്കം സ്ഥാപനങ്ങളുടെ മാത്രമാണ് എഴുതിയിട്ടുള്ളത്. ഭൂരിഭാഗം സ്ഥാപനങ്ങളുടെയും പേരിനു നേരേ നിർണ്ണയിച്ച തുക, കളക്ഷൻ തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 8 രജിസ്റ്ററുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഒന്നിൽ പോലും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.ഡിസിബി പത്രിക എഴുതി തയ്യാറാക്കിയിട്ടില്ല. മുകളിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6,11.02.19) ഹാജരാക്കിയ മറുപടിയിൽ ഡി & ഒ ലൈസൻസ് വാർഡ് അടിസ്ഥാനത്തിൽ തരം തിരിച്ച് ഫീസ് ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ സാംഖ്യയിൽ ലഭ്യമാണെന്ന് അറിയിച്ചു. എന്നാൽ ആയതിന്റെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിച്ചിട്ടില്ല. വരും വർഷങ്ങളിൽ രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സാംഖ്യ പ്രകാരമുള്ള വിവരങ്ങളുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

# 2-7 കെട്ടിടനികുതി-ഈടാക്കിയില്ല

1)2017-18 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ കെട്ടിടനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | പേര് | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | IV/278 MT | ഭാരതി എയർടെൽ ലിമിറ്റഡ് | 1458 |
| 2 | V/67 MT | മെ.വയർലസ് ടി ടി ഇൻഫോ സർവീസസ് ലിമിറ്റഡ് | 972 |
| 3 | V/123 MT | ഭാരതി എയർടെൽ ലിമിറ്റഡ് | 1458 |
| 4 | VI/858 MT | എയർസെൽ ഡിഷ്നെറ്റ് വയർലസ് | 1296 |
| 5 | VI/498 | ഭാരതി എയർടെൽ ലിമിറ്റഡ് | 1458 |
| 6 | VII/465 MT | ഐഡിയ സെല്ലുലാർ ലിമിറ്റഡ് , കാക്കനാട് | 972 |
| 7 | VII/465 MT 1 | മെ.വയർലസ് ഇൻഫോസർവീസ് | 1296 |
| 8 | VIII/48 | ഭാരതി എയർടെൽ ലിമിറ്റഡ് | 1458 |
| 9 | VIII/966 | ഭാരതി എയർടെൽ ലിമിറ്റഡ് | 324 |
| 10 | IX/127 | ഭാരതി എയർടെൽ ലിമിറ്റഡ് | 1458 |
| 11 | X/508 MT | ഭാരതി എയർടെൽ ലിമിറ്റഡ് | 1458 |
| 12 | X/758 | ഭാരതി എയർടെൽ ലിമിറ്റഡ് | 1458 |
| 13 | XI/386 | ഭാരതി എയർടെൽ ലിമിറ്റഡ് | 1458 |
| 14 | XII/339 | ഭാരതി എയർടെൽ ലിമിറ്റഡ് | 1458 |
| 15 | XIV/110 MP | ഡിഷ്നെറ്റ് വയർലസ് | 810 |

| | |
|---|---|
| ആകെ | 18792 |

മുകളിൽ പരാമർശിച്ച മൊബൈൽ ടവറുകളുടെ കെട്ടിടനികുതി പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. നഗരസഭയിൽ നിരവധി അൺഎയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ നിന്ന് ഇതുവരെ കെട്ടിടനികുതി ഈടാക്കിയിട്ടില്ല. അൺഎയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് നമ്പർ നല്കേണ്ടതും കെട്ടിടനികുതി നിർണ്ണയിച്ച് തുക ഈടാക്കേണ്ടതുമാണ്.കൂടാതെ മുഴുവൻ സ്കൂളുകളും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 2-8 നിർദ്ദിഷ്ട പരിധിയിലധികമുള്ള നിർമ്മാണം റഗുലറൈസ് ചെയ്തു നൽകി

അൽമാർക്ക് ഹൗസിംഗ് കമ്പനി(പ്രൈവറ്റ്)ലിമിറ്റഡിന്റെ(കെ.കെ.വിനോദ് മാനേജിംഗ് ഡയറക്ടർ) കാക്കനാട് വില്ലേജിലെ 377/10,11 എന്നീ സർവ്വേ നമ്പറിൽപെട്ട 25.85 ആർ സ്ഥലത്ത് നടത്തിയ 18764.44 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട സമുച്ചയനിർമ്മാണത്തിന്റെ റഗുലറൈസേഷന് 13.4.16-ൽ അപേക്ഷ നൽകിയിട്ടുണ്ട്.
ഫയൽ നം.ബി.എ.275/15

കെട്ടിടത്തിന്റെ വിശദവിവരം

ഭൂനിരപ്പ് നില,ഒന്നാം നില വിസ്തീർണ്ണം : 2x1673.8 =3347.6

രണ്ടാം നില വിസ്തീർണ്ണം : 1x1028.14=1028.14

മൂന്നാം നില മുതൽ പത്തൊമ്പതാം
നില വരെ വിസ്തീർണ്ണം : 17x842.54=14323.18

ടെറസ് നില വിസ്തീർണ്ണം : 66.56
ആകെ വിസ്തീർണ്ണം : 18764.44 ച.മീ.
<u>സ്ഥലത്തിന്റെ വിശദവിവരം താഴെ ചേർക്കുന്നു</u>

| സർവ്വേ നമ്പർ | വിസ്തീർണ്ണം(ആർ) |
|---|---|
| 376/11 | 7.69 |
| 376/11 | 2.73 |
| 376/10 | 7.69 |
| 376/10 | .48 |
| 376/10 | .81 |
| 376/10 | 5.70 |
| ആകെ | 25.85 |

ഈ കെട്ടിടനിർമ്മാണത്തിന് 10.5.17-ൽ 6/reg/17-18 പ്രകാരം റഗുലറൈസേഷൻ പെർമിറ്റ് നൽകിയിട്ടുണ്ട്. (23.8.2017-ൽ നൽകിയിരിക്കുന്നഒക്യുപെൻസി സർട്ടിഫിക്കറ്റിൽ പൂർത്തിയാക്കിയിരിക്കുന്ന വിസ്തീർണ്ണമായി ചേർത്തിരിക്കുന്നത് 17012.8ച.മീ.)ഈ കെട്ടിടത്തിന് 16.8.06-ൽ എ41/2000പ്രകാരം എൻ.ഒ.സി നൽകിയിട്ടുള്ളതാണെന്നും പെർമിറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്തുനൽകിയതിൽ ചില അപാകങ്ങൾ ഉണ്ട്.
1. 1.8.06-ൽ എൻ.ഒ.സി നൽകിയപ്പോൾ ഭൂനിരപ്പുനിലയും ആയതിനുമേൽ 19 നിലയുമുള്ള 14460.6 ച.മീ. വിസ്തീർണ്ണത്തിലുള്ള കെട്ടിടത്തിനാണ് അനുമതി നൽകിയിരുന്നത് എന്നാണ് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമല്ല.

2. റഗുലറൈസേഷനായി അപേക്ഷ സമർപ്പിച്ചപ്പോൾ കെട്ടിടത്തിന്റെപ്ലിന്ത് വിസ്തീർണ്ണമായിചേർത്തിരിക്കുന്നത് 18764.44 ച.മീ.എന്നാണ്. കെട്ടിടത്തിന് എഫ്.എ.ആർ-നായി കണക്കാക്കിയിരിക്കുന്ന തറവിസ്തീർണ്ണം 13110 ആണ്. ഓരോ ഫ്ലോറിലെയും എഫ്.എ.ആർ ഏരിയ കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കിയ സ്ഥലങ്ങളുടെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

3. അധികഫീസ് ഉൾപ്പെടെ അനുവദനീയമായ എഫ്.എ.ആർ -ന് കണക്കാക്കാവുന്ന തറവിസ്തീർണ്ണം 10340 ച.മീ. (2585x4)ആണ്. എന്നാൽ അനുവദനീയമായതിലും അധികം എഫ്.എ.ആർ വിസ്തീർണ്ണത്തിൽ പൂർത്തിയാക്കിയ കെട്ടിടനിർമ്മാണം രസീത് നം.1/11602111216/13.7.2016 പ്രകാരം 6,00,000/-രൂപയും രസീത് നം.1/117020500074 പ്രകാരം 50,18,000/- രൂപയും ഈടാക്കി റഗുലറൈസ് ചെയ്തുനൽകിയിട്ടുണ്ട്.

4.കെട്ടിടം നിർമ്മിക്കുന്ന സ്ഥലം കരമടച്ച രസീത് പ്രകാരം നിലമാണ്. കൂടാതെ 2011-12 വർഷത്തെ കരമടച്ച രസീതാണ് ഹാജരാക്കിയിരിക്കുന്നത്.
5. 16.08.2006 ൽ എൻ.ഒ.സി വാങ്ങിയ മേൽകെട്ടിടത്തിന്റെ 18 നിലകളുടെ നിർമ്മാണം പൂർത്തിയായി കെട്ടിട നമ്പർ ലഭിക്കേണ്ട സമയത്ത് മാത്രമാണ് (14.5.2016)റെഗുലറൈസ് ചെയ്യുവാൻ അപേക്ഷ നല്കിയത്. മേൽ സൂചിപ്പിച്ച

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ 13.02.2019 ലെ ഓഡിറ്റ് അന്വേഷണം നം 32 പ്രകാരം നിർദ്ദേശിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

തൃക്കാക്കര നഗരസഭ പഞ്ചായത്തായിരുന്നപ്പോൾ തന്നെ 1.8.2006-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 6.11.06-ലെ ജി.ഒ.(എം.എസ്) നം.250/2006 പ്രകാരം നടപ്പിലാക്കിയിരുന്നു. ആയതിനാൽ 1.8.2006 മുതൽ തൃക്കാക്കര പഞ്ചായത്തിലെ കെട്ടിടനിർമ്മാണങ്ങൾക്ക് പെർമിറ്റ് നൽകേണ്ടത് മേൽ ചട്ടങ്ങളനുസരിച്ചാണ്. ഈ വസ്തുത 03.07.2007-ലെ സർക്കുലർ നം.37348/ആർ.ബി.1/07/ത.സ്വ.ഭ.വ-യിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കുലറിന്റെ 4-ാം ഖണ്ഡികയിൽ എൻ.ഒ.സി. വാങ്ങിയിട്ടുള്ളതും ഗ്രൗണ്ട് ലവലിന് മുകളിൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് കെ.എം.ബി.ആർ ബാധകമാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 01.08.2006 മുതൽ എൻ.ഒ.സി ലഭിച്ചതും അല്ലാതെയും നിർമ്മാണം നടക്കുന്നതായ കെട്ടിടങ്ങളേക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ലൊക്കേഷൻ പ്ലാൻ, ബിൽഡിംഗ് പ്ലാൻ, സെക്ഷൻ, എലിവേഷൻ, പ്ലിന്ത് ഏരിയ, നിലകളുടെ എണ്ണം, എഫ്.എ.ആർ കവറേജ് സഹിതം അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശേഖരിക്കേണ്ടതും കൂടാതെ കെട്ടിടത്തിന്റെ തൽസ്ഥിതിയേക്കുറിച്ചറിയുന്നതിന് കെട്ടിടത്തിന്റെ പല ദിശകളിൽ നിന്നുള്ള ഫോട്ടോകളും ശേഖരിക്കേണ്ടതുമാണ്. കൂടാതെ മേൽ വിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നിർമ്മാണത്തിന്റെ സ്ഥിതി അന്വേഷണ ഉദ്യോഗസ്ഥൻ (അസി.എൻജിനീയർ/ ഓവർസീയർ) സ്ഥലപരിശോധന നടത്തി തീയതി സഹിതം സർട്ടിഫൈ ചെയ്യേണ്ടതുമാണ്. ഇത്തരത്തിലുള്ള യാതൊരു രജിസ്റ്ററും ഓഡിറ്റിൽ ഇതുവരെ ഹാജരാക്കിയിട്ടില്ല. കൂടാതെ നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ എൻ.ഒ.സി ലഭിച്ചതിലും കൂടുതൽ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ കെട്ടിട നിർമ്മാണ ചട്ടത്തിന് അനുസൃതമാണെങ്കിൽ മാത്രമേ അനുവദിക്കാവൂ. ഫോട്ടോകളുടെയും മറ്റ് രേഖകളുടെയും അഭാവത്തിൽ പ്രസ്തുത ഫ്ളാറ്റ് സമുച്ചയത്തിന് മേൽ സൂചിപ്പിച്ച നിബന്ധനകൾ ബാധകമാണോ അല്ലയോ എന്നത് സംബന്ധിച്ച് വ്യക്തമായി ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

എൻ.ഒ.സി നല്കി എന്ന ഒറ്റക്കാരണത്താൽ കെ.എം.ബി.ആർ ബാധകമാകാതിരിക്കില്ല. നേരത്തെ സൂചിപ്പിച്ച 03.07.2007 ലെ തദ്ദേശസ്വയംഭരണ (ആർ.ബി.) വകുപ്പ് 37348 /ആർ.ബി1/07 /ത.സ്വ.ഭ.വ നമ്പർ സ്പഷ്ടീകരണ ഉത്തരവിന്റെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾക്കു മാത്രമാണ് കെ.എം.ബി.ആർ ബാധകമാകാതിരിക്കുന്നത്. മേൽ കെട്ടിടം ഇത്തരത്തിൽ കെ.എം.ബി.ആർ ബാധകമല്ലാത്ത കെട്ടിടമാണെന്ന് തെളിയിക്കുന്ന രേഖകൾ നഗരസഭ ഹാജരാക്കിയിട്ടില്ല. തൃക്കാക്കര പഞ്ചായത്തിൽ കെ.എം.ബി.ആർ നിലവിൽ വന്ന 06.11.2006 ൻ മുൻപ് എൻ.ഒ.സി അനുവദിച്ച പ്രസ്തുത കെട്ടിടം മേൽ തിയതിയിൽ നിർമ്മാണം ആരംഭിച്ചിരുന്നോ എന്നുള്ളതും കരമടച്ച രസീത് പ്രകാരം ഇപ്പോഴും നിലമായി കാണപ്പെടുന്ന കെട്ടിടം നിർമ്മിക്കുന്ന സ്ഥലം കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 12.08.2008 ന് മുൻപ് നികത്തിയ ഭൂമിയാണോ എന്നുള്ള വിവരങ്ങൾ നഗരസഭയിൽ നിന്ന് ലഭ്യമായില്ല. 26.07.2017 ലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ടി.എ2 18988/16 ഉത്തരവ് പ്രകാരം 12.08.2008 ന് മുൻപും ശേഷവും ഉള്ള ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ഭൂമിയുടെ സ്വഭാവം നിശ്ചയിക്കാമെന്ന് കാണുന്നുണ്ട്. പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിച്ച് 06.11.2006 ന് മുൻപ് കെട്ടിടം നിർമ്മാണം ആരംഭിച്ചിരുന്നോ എന്നും 12.08.2008 ന് മുൻപ് നികത്തിയ ഭൂമിയാണോ എന്നും കണക്കാക്കാൻ കഴിയുമെങ്കിൽ പ്രസ്തുത മാർഗ്ഗം സ്വീകരിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു. കൂടാതെ എൻ.ഒ.സി രജിസ്റ്റർ പ്രകാരം ഇനിയും റെഗുലറൈസ് ചെയ്യാത്ത കെട്ടിടങ്ങളുടെ നഗരസഭയുടെ കൈവശമുള്ള എല്ലാ വിവരങ്ങളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

08.09.2010-ലെ 9877/ആർ.ഡി2/2010/എൽ.എസ്.ജി.ഡി. പ്രകാരം പെർമിറ്റ് അനുവദിക്കുന്ന ദിവസത്തിലെ നിയമപ്രകാരമാണ് പെർമിറ്റ് നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ അനുവദനീയമായതിലും അധികം എഫ്.എ.ആർ വിസ്തീർണ്ണമുള്ള കെട്ടിടനിർമ്മാണം ക്രമവത്കരിച്ചു നൽകിയ നടപടി തെറ്റാണ്.

.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല.

നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2116-1പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിന് കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1%നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രോജക്റ്റിന്റെ പേര് | കരാറുകാരൻ | എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തീയതി | യഥാർത്ഥത്തിൽ പൂർത്തിയാക്കിയ തീയതി | കാലതാമസം വരുത്തിയ കാലയളവ് (ആഴ്ച) | പി.എ.സി | ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് (0.1% /ആഴ്ച) | ഈടാക്കിയ തുക | കുറവ് | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1. | 321/17, ചാത്തൻ വേലി പ്പാടം മൈത്രി പുരം റോഡ്-കാന-കവർ സ്ലാബ്. | എ.വി. ജോർജ്ജ് | 13.3.18 | 24.3.18 | 2 | 1205115.53 | 2410 | 00 | 2410 | 69/17-18/ 28.3.18, 1072998 |
| 2 | 62/18 ജി.സി. ഡി.എ മാവേലി പുരം റോഡ് വീതി കൂട്ടി റീ ടാറിംഗ് | ഇ.കെ. എം കൺ സ്ട്രക്ഷ ൻസ് | 30.4.17 | 19.6.17 | 7 | 654046 | 4578 | 00 | 4578 | 16/17-18 /25.7.17, 600000<br>ചെക്ക്-164298 /27.7.17, 49626 |
| | ആകെ | | | | | | | | 6988 | |

മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാതിരുന്നതിനാൽ 6988 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേലിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വെക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല.

നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെയ്ക്കാത്ത കരാറുകാരനിൽനിന്നും പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2009-6 പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14ദിവസത്തിനകം എഗ്രിമെന്റ് വെക്കുന്നില്ലെങ്കിൽ അടുത്ത 10 ദിവസത്തിനകം പി.എ.സിയുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് കരാർ വെയ്ക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ഫൈൻ ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ ന മ്പർ | പ്രോ ജക്ട് ന മ്പർ | കരാറുകാരൻ | പി. എ. സി | സെല ക്ഷൻ നോട്ടീ സ് കൈ പ്പറ്റിയ തീയതി | സെല ക്ഷൻ നോട്ടീസ് പ്രകാരം എഗ്രി മെന്റ് വെ യ്ക്കേണ്ട തീ യതി | എഗ്രി മെന്റ് വെച്ച തീ യതി | ഈടാ ക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|
| 1. | 386/18, കനാൽ ബണ്ട് റോഡ് സംര ക്ഷണ ഭിത്തി വാർഡ് 36 | ഷെബീർ. കെ.എം | 811006.84 | 28.12.2017 | 12.1.2018 | 17.2.2018 | 8110 |
| 2 | 316/18, ഇല്ലത്ത് മുഗൾ മസ്ജിദ് റോഡ് പടമുഗൾ മസ്ജിദ് റോഡ് റീടാറിംഗ് | ജിനു ജെയിംസ് | 846458.80 | 8.1.2018, (രജി. തപാൽ) | 22.1.18 | 17.2.2018 | 8465 |
| 3 | കാക്കനാട് എൽ.പി സ്കൂൾ മെയിന്റ നൻസ് | എം.പി. സന്തോഷ് കുമാർ | 556243 | 1.12.17 | 15.12.17 | 29.12.17 | 5562 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 409/18 അമ്പാടിമൂല എരമക്കുളം റോഡ് റീടാറിംഗ് | എൻ.എസ് നിയാസ് | 610379.83 | 29.12.17 (തപാൽ) | 19.1.18 | 23.1.18 | 6104 |
| 5 | 483/18, കൊല്ലം പറമ്പിൽ എസ്.സി. കോളനി സംരക്ഷണ ഭിത്തി | ഷിബിൻ എബ്രഹാം | 978672 | 28.12.2017 | 11.1.18 | 17.2.2018 | 9787 |
| 6 | 341/18, മൂലേപ്പാടം തോട് സംരക്ഷണ ഭിത്തി | പി.കെ. അലി | 1333880 | 29.12.17 | 12.1.18 | 19.1.18 | 13338 |
| | ആകെ | | | | | | 51366 |

മേൽ സൂചിപ്പിച്ച വിധം നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെയ്ക്കാതിരുന്ന കരാറുകാരിൽനിന്നും പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരം ഫൈൻ ഈടാക്കാതിരുന്നതുമൂലം 51366 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 ഖരമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ - ആദായ നികുതി 177970.56 രൂപ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 311/18, ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ |
| ചെലവ് തുക | ആകെ 13428347 രൂപ |

തൃക്കാക്കര നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പ്രോജക്ടിൽപ്പെടുത്തി താഴെപ്പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

| ചെലവ് തുക | ബിൽ നമ്പരും തിയതിയും | തുക കൈപ്പറ്റിയ വ്യക്തി/ സ്ഥാപനം |
|---|---|---|
| 1762663 | 4, 23.7.17 | ശ്രീ.അഷറഫ്, എക്കോ ഗ്രീൻ കേരള |
| 1221128 | 7, 23.8.17 | ശ്രീ.അഷറഫ്, എക്കോ ഗ്രീൻ കേരള |
| 856865 | 11,23.9.17 | ശ്രീ.അഷറഫ്, എക്കോ ഗ്രീൻ കേരള |
| 811728 | 12, 13.10.17 | ശ്രീ.അഷറഫ്, എക്കോ ഗ്രീൻ കേരള |
| 981640 | 15, 12.1.18 | ശ്രീ.അഷറഫ്, എക്കോ ഗ്രീൻ കേരള |
| 770500 | 16, 18.1.18 | ശ്രീ.അഷറഫ്, എക്കോ ഗ്രീൻ കേരള |
| 2044499 | 17, 18.1.18 | കൊച്ചി നഗരസഭ |
| 1671467 | 20, 21.2.18 | ശ്രീ.അഷറഫ്, എക്കോ ഗ്രീൻ കേരള |
| 822537 | 26, 15.3.18 | ശ്രീ.അഷറഫ്, എക്കോ ഗ്രീൻ കേരള |
| 352356 | 31, 21.3.18 | കൊച്ചി നഗരസഭ |
| 863558 | 32, 21.3.18 | കൊച്ചി നഗരസഭ |
| 1269406 | 33, 21.3.18 | കൊച്ചി നഗരസഭ |

എക്കോ ഗ്രീൻ കേരള എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ.അഷറഫിന് മുകളിൽ കാണിച്ചിരിക്കുന്ന പ്രകാരം നൽകിയ 8898528 രൂപയ്ക്ക് ആദായ നികുതി സെക്ഷൻ 194 സി പ്രകാരം റ്റി.ഡി.എസ്. ആയി സ്ഥാപനങ്ങൾക്ക് നല്കുന്ന ബില്ലിൽ പിടിക്കേണ്ടിയിരുന്ന 2% ആദായനികുതി പിടിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 08.2.2019 ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.16) സെക്രട്ടറി ഹാജരാക്കിയ മറുപടി 2018 മാർച്ച് മാസത്തെ ബിൽ പ്രകാരമുള്ള തുകയിൽ നിന്ന് മാത്രമാണ് ടി. ഡി.എസ് പിടിച്ചിട്ടുള്ളതെന്നും, മേലിൽ ആദായ നികുതി പിടിച്ചിട്ട് മാത്രമേ തുക നല്കുകയുള്ളുവെന്നുമാണ്. മേൽ കാണിച്ചിട്ടുള്ള പ്രകാരം ഈടാക്കേണ്ടിയിരുന്ന 177970.56 രൂപ എക്കോ ഗ്രീൻ കേരളയുടെ ഉടമ ശ്രീ.അഷറഫിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ, തുക കൈപ്പറ്റിയതിന് സ്ഥാപനം ലഭ്യമാക്കേണ്ട ശരിയായ ഇൻവോയ്സ് എക്കോഗ്രീൻ ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിന് നല്കിയ 8898528 രൂപയുടെ ചെലവ് ഇൻവോയ്സ് ഹാജരാക്കുന്നതുവരെ ഓഡിറ്റ്

തടസ്സപ്പെടുത്തുന്നു.

ഈ പ്രോജക്ടിൽപ്പെടുത്തി ടിപ്പിംഗ് ചാർജ്ജ് ഇനത്തിൽ കൊച്ചി നഗരസഭയ്ക്ക് നല്കിയ 4529819 രൂപയ്ക്ക് കൊച്ചി നഗരസഭ നൽകേണ്ട സാംഖ്യ രസീത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. സാംഖ്യ രസീത് ലഭ്യമാക്കുന്നതുവരെ 4529819 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 3-4 കുടുംബശ്രീ മുഖാന്തിരമുള്ള മാലിന്യശേഖരണത്തിന് വാഹനം വാങ്ങൽ- അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

കുടുംബശ്രീ മുഖേനയുള്ള മാലിന്യ ശേഖരണത്തിന് തൃക്കാക്കര നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം, 2016-17, 2017-18 വർഷങ്ങളിൽ താഴെപ്പറയും പ്രകാരം വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

| വർഷം | വാങ്ങിയ വാഹനങ്ങളുടെ വിവരം | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | TATA ACE – 8 എണ്ണം | 4376296 രൂപ, (547037 x 8) |
| 2017-18 | APE Extra Pick up – 5 എണ്ണം | 1989750 രൂപ (397950 x 5) ബിൽ നമ്പർ 25, തീയതി. 15.02.2018 |

വാങ്ങിയ 13 വാഹനങ്ങളിൽ 3 എണ്ണം (2016-17 ൽ വാങ്ങിയത്) നഗരസഭ നേരിട്ട് മാലിന്യശേഖരണത്തിനായി ഉപയോഗിക്കുകയും ബാക്കിയുള്ള 10 എണ്ണം മാലിന്യശേഖരണത്തിനായി കുടുംബശ്രീയ്ക്ക് നല്കുകയും ചെയ്തിട്ടുള്ളതായി ഫയലിൽരേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വാഹനങ്ങളുടെ ആർ.സി.ബുക്കുകൾ, ലോഗ് ബുക്കുകൾ, ഇൻഷ്വറൻസ് രേഖകൾ, വാഹനങ്ങളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ, കുടുംബശ്രീയ്ക്ക് കൈമാറിയ വാഹനങ്ങളുടെ കൈമാറ്റ കരാർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറികൾ (നമ്പർ 5&27 തീയതികൾ 06.02.2019 & 13.02.2019) നല്കിയെങ്കിലും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ഓഡിറ്റ് വർഷത്തെ വാഹനം വാങ്ങലിനായുള്ള ചെലവ് 1989750 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-5 കൺസൽട്ടൻസി (ആർക്കിടെക്സ് ) ഫീസ്- ആദായനികുതി ഈടാക്കിയതിൽ കുറവ്

ഫയൽ നം. – E2/16087/16

വൗച്ചർ നം. - 13/july/17

ചെക്ക് നം. - 164238 തീയതി 3/7/2017 തുക 441,000/-

ആദായനികുതി നിയമത്തിലെ സെക്ഷൻ 194 J പ്രകാരം പ്രൊഫഷണൽ ചാർജ് /ടെക്നിക്കൽ ചാർജ് എന്നിവയുടെ ബിൽ തുക 30,000/- രൂപയാണെങ്കിൽ സ്രോതസ്സിൽ നിന്നും 10% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ കൺസൽട്ടൻസി ഫീസ് ആയി മെസ്സേഴ്സ് ഇന്റർനാഷണൽ ആർക്കിടെക്സ്, കൊച്ചി-28 എന്ന സ്ഥാപനം ആവശ്യപ്പെട്ട 450000/- രൂപയിൽ (ബിൽ സമർപ്പിച്ചിട്ടില്ല) നിന്നും 2% ആദായനികുതി (9000/-രൂപ)മാത്രമാണ് കുറവ് ചെയ്തിരിക്കുന്നത്. കുറവ് തുകയായ 36000/-(45000-9000)രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

# 3-6 മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല

2017-18 വർഷം നൽകിയ മുൻകൂറുകളിൽ താഴെപ്പറയുന്നവ അഡ്ജസ്റ്റ് ചെയ്തിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം | മുൻകൂർ കൈപ്പറ്റിയ ആളിന്റെ പേര് / തസ്തിക | ചെക്ക്നം./ തീയതി | നൽകിയ തുക | ഉദ്ദേശ്യം |
|---|---|---|---|---|
| 1 | പ്രമോദ്, PWO | 254353 20.09.2017 | 13,000 | കസേര വാങ്ങൽ |
| 2 | വിജീഷ് , JH1 | 254447 01/11/17 | 10,000 | പ്രോജക്ട് ഉത്ഘാടനം |
| 3 | നെൽസൺ, PWO | 254466 9/11/17 | 75,000 | മോട്ടോർ സ്ഥാപിക്കൽ |
| 4 | ടി എ അജയഘോഷ്, PWO 1 | 254639 8/2/18 | 55,000 | വാട്ടർ കണക്ഷൻ |
| 5 | നെൽസൺ, PWO | 254639 8/2/18 | 50,000 | മോട്ടോർ വാങ്ങൽ |
| 6 | നെൽസൺ, PWO | 254639/8.2.18 | 80,000 | -ടി- |

| | | | | |
|---|---|---|---|---|
| 7 | ജോപ്പൻ ടി, സീനിയർ ക്ലാർക്ക് | 254639/8.2.18 | 2,500 | നെറ്റ് കണക്ഷൻ |
| 8 | പ്രമോദ് ടി ആർ, യുഡിസി | 254661/16.2.18 | 18,000 | ഊർജ്ജിത നികുതി പിരിവ്-ചെലവ് |
| 9 | പ്രമോദ് ടി ആർ, യുഡിസി | 254722/17.3.18 | 5,000 | To purchase Tape,marker etc |
| 10 | വിജേഷ് കുമാർ | 254731/21.3.18 | 9,000 | സ്പീഡ് ഗവർണർ വാങ്ങൽ |
| 11 | നെൽസൺ, PWO | 254745/26.3.18 | 25,000 | ബാറ്ററി വാങ്ങൽ |
| 12. | -ടി- | 254534/14.`12.17 | 10000 | “ |

അഡ്ജസ്റ്റ് ചെയ്യപ്പെടാത്ത മുൻകൂർ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 21 ന് നഗരസഭയിൽ നിന്ന് മറുപടിയൊന്നും ലഭിച്ചില്ല.

ജി.ഒ.(പി) നം.419/2011/ധനം. തീ. 04.10.11 പ്രകാരം വർക്ക് മുൻകൂറുകൾ, താൽക്കാലിക മുൻകൂറുകൾ എന്നിവ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. ഈ കാലയളവിൽ ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ തുക നൽകിയ തീയതി മുതൽ തിരിച്ചടയ്ക്കുന്ന തീയതി വരെ 18%പലിശയോടു കൂടി മുഴുവൻ തുകയും തിരികെ ഈടാക്കേണ്ടതാണ്.

മുൻകൂറുകൾ നല്കൽ, ക്രമീകരിക്കൽ എന്നിവ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം ചെയ്യേണ്ടതാണ്.

## 3-7 അങ്കണവാടി മെയിന്ററനൻസ്-വാർഡ് 24-അപാകതകൾ.

പ്രോജക്ട്- 550/18, അടങ്കൽ-1236000രൂപ, മെയിന്റനൻസ് ഗ്രാന്റ് റോഡ്
അളവ് പുസ്തകം- 155/17-18, കരാറുകാരൻ -അൻസാരി.പി.എ,

ആകെ മൂല്യം -1060390, ബിൽ നമ്പർ - 65/17-18/24.3.18 – 1060390രൂപ

ഈ പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം 8- ഇനമായി 1:3അനുപാതത്തിൽ 9mmസിമന്റ് പ്ലാസ്റ്ററിംഗ് താഴെ പറയുന്ന അളവിൽ 292.93 m2 ചെയ്തിട്ടുണ്ട്.

പുറം ഭിത്തി - 39.23x3.3 = 129.46m2

ഭിത്തി ഉൾവശം- 36.83x3.3 = 121.54m2

സ്റ്റോർ പുറം- 18.67x1.07 = 19.98m2

സ്റ്റോർ ഉൾവശം- 17.17x1.07 = 18.37m2

ടോപ്പ്- 17.92x0.20 = 3.58m2

ആകെ 292.93m2 ചെയ്യുകയും ആയതിന് ചതുരശ്ര മീറ്ററിന് 200രൂപ നിരക്കിൽ മൂല്യനിർണ്ണയം നടത്തി കരാറുകാരന് പണം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും താഴെ പറയുന്ന അളവിലുള്ള ഡോർ,വിൻഡോ എന്നിവയുടെ അളവ് കുറവ് ചെയ്തിട്ടില്ല.

ഡോർ -1x1.10x2.10 = 2.31m2

വിൻഡോ- 5x1.5x1.35= 10.125m2
ആകെ = 12.435m2

ഇപ്രകാരം ഡോർ,വിൻഡോ എന്നിവയുടെ അളവ് (12.435m2 ) കുറവ് ചെയ്യാതിരുന്നത് മൂലം ചതുരശ്ര മീറ്ററിന് 200 രൂപനിരക്കിൽ 2487രൂപ (12.435x200) അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക നഷ്ടോത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്ലറിക്കൽ മിസ്റ്റേക്ക് മൂലം സംഭവിച്ചുപോയതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## 3-8 ടാറിംഗ് പ്രവൃത്തികൾ- കാലി ബാരലുകൾക്ക് ജി.എസ്.ടി.ഈടാക്കുന്നില്ല.

നഗരസഭയിൽ നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഡി.എസ്.ആർ പ്രകാരം പാക്കഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ മൂല്യത്തിൽ നിന്നും

കാലിവീപ്പയുടെ വില 238/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ കാലിവീപ്പയുടെ വിലയ്ക്ക് ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിൻ (ബാരൽ) എണ്ണം | കാലിവീപ്പയ്ക്ക് ഈടാക്കിയ തുക @238 | ഈടാക്കേണ്ട ജി.എസ്.ടി | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 1 | 304/18 കോളനി ക്രോസ് റോഡ് റീ-ടാറിംഗ് | അബ്ദുൾ ഹക്കീം | 50 | 11900 | 2142 | 60/17-18/28.3.18-808516 |
| 2 | 394/18, മാനാലത്ത് അയ്യത്ത് മൂലറോഡ് | അബ്ദുൾ ഹക്കീം | 45 | 10710 | 1928 | 64/17-18,24.3.18,-698727 |
| 3 | 409/18, അമ്പാടിമൂല എരമക്കുളം റോഡ് റീടാറിംഗ് | എൻ.എസ്. നിയാസ് | 38 | 9044 | 1628 | 54/17-18, 21.3.18, 609434 |
| 4 | 326/18, ഹാജി അബ്ദുൾ റഹ്മാൻ ലൈൻ റോഡ് റീടാറിംഗ് | ജിന ജെയിംസ് | 30 | 4680 (30x156) | 1285 | 76/17-18, 28.3.18, 467767 |
| | ആകെ | | | | 6983 | |

മേൽ സൂചിപ്പിച്ചവിധം കാലിവീപ്പയുടെ വിലയ്ക്ക് ജി.എസ്.ടി ഈടാക്കാതിരുന്നതുമൂലം 6983/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ മേൽ പട്ടികയിൽ ക്രമ നമ്പർ 4 ആയിചേർത്തിട്ടുള്ളതിൽ കാലിവീപ്പയുടെ വില 156/-രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ഇതുമൂലം (238-156), 82x30=2460 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് നഷ്ടോത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ജി.എസ്.ടി തുക ഈടാക്കണമെന്നത് ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് ഈടാക്കാതിരുന്നതെന്ന് നല്കിയ മറുപടി അംഗീകരിക്കുന്നില്ല. കൂടാതെ കാലിവീപ്പയുടെ വിലയിനത്തിൽ ഈടാക്കിയ തുക തനത് ഫണ്ടിന്റെ ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. ഏത് ഫണ്ടാണോ ബിറ്റുമിൻ വാങ്ങുന്നതിന്/ബിറ്റുമിന് വേണ്ടി ചെലവഴിക്കപ്പെടുന്നത് ആ ഫണ്ടിലേക്ക് തന്നെ കാലിവീപ്പയുടെ വിലയും തിരിച്ച് അടവാക്കേണ്ടതാണ്.

## 3-9 സേവന നികുതിയിനത്തിൽ തുക പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

പ്രോജക്ട് നമ്പർ- 261/18, വെറ്ററിനറി ഹോസ്പിറ്റൽ കെട്ടിടം, നവീകരണം

അടങ്കൽ- 2153200, കരാറുകാരൻ - ഇ.കെ.എം കൺസ്ട്രക്ഷൻസ്,
എഗ്രീഡ് പി.എ.സി-1973114.90, അളവ് പുസ്തകം- 330/16-17

1. ആകെ മൂല്യം- 1974268,ബിൽ നമ്പർ -3/17-18, 23/6/17 – 2091502

ഈ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തിയുടെ ആകെ മൂല്യം 1974268 രൂപയെന്നത് എഗ്രീഡ് പി.എ.സിയിൽ പരിമിതപ്പെടുത്തി, അതിനോടൊപ്പം 6% സർവ്വീസ് ടാക്സ് 118387രൂപ കൂട്ടിച്ചേർത്ത് 2091502രൂപ മേൽ നമ്പർ ബിൽ പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമാണ് കരാറുകാരന് നൽകിയിട്ടുള്ളത്. സർവ്വീസ് ടാക്സിനത്തിൽ പിൻവലിച്ച തുക ഒടുക്ക് വരുത്തിയതായി രേഖകളില്ല. ഈ തുക ഇപ്പോഴും തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. 1994-ലെ ഫിനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66E (h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കുന്നതിൽ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം.12 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/ വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട വർക്ക്, റിപ്പയർ, മെയിന്റനൻസ് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പിന്നീട് 01.03.2015-ലെ 06/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം മേൽ നോട്ടിഫിക്കേഷനിലെ ഇനം-12-ലെ a,c,f എന്നിവയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കിയത് ഡിലിറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് 01.03.2016-ലെ 09/2016 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 25/2012-ലെ നോട്ടിഫിക്കേഷനിലെ ഇനം.12 ന് താഴെയായി 12A (a),(b),(c) എന്ന ഇനമായി മേൽ ഇനങ്ങൾ സേവന നികുതി നല്കുന്നതിൽ നിന്നും ഒഴിവാക്കി വീണ്ടും കൂട്ടിച്ചേർക്കുകയുണ്ടായി. മേൽ സൂചിപ്പിച്ചവിധം സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ഈ പ്രവൃത്തിക്കായി സേവന നികുതിയിനത്തിൽ പിൻവലിച്ച തുക ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിൽ പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്

മറുപടി ലഭ്യമാക്കിയില്ല. സേവന നികുതിയിനത്തിൽ അധികമായി പിൻവലിച്ച തുക തിരികെ അടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1(എ)

കൂടാതെ ആകെ ബിൽ തുകയിൽ നിന്നും 1%, (19732രൂപ) മാത്രമേ വരുമാന നികുതിയിനത്തിൽ ഈടാക്കിയിട്ടുള്ളൂ. വരുമാന നികുതി സെക്ഷൻ 194(സി) പ്രകാരം കരാർ പ്രവൃത്തികളിൽ വ്യക്തികളല്ലാത്തവരിൽ നിന്നും 2% വരുമാന നികുതി ഉറവിടത്തിൽ കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം നികുതി കുറവ് ചെയ്തതായി കാണുന്നില്ല. മേൽ സൂചിപ്പിച്ചവിധം 2% വരുമാന നികുതി കുറവ് ചെയ്യാതിരുന്നതുമൂലം കേന്ദ്ര സർക്കാരിന് 19732രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

1(ബി)

ആകെ ബിൽ തുകയിൽ നിന്നും യൂസർ ഫീയിനത്തിൽ 1%തുക കുറവ് ചെയ്തിട്ടുള്ളതായി കാണുന്നു. ഇപ്രകാരം കുറവ് ചെയ്ത 19732 രൂപ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. യൂസർ ഫീ ചുമത്തുന്നതിന് സർക്കാർ നിർദ്ദേശമോ കൗൺസിൽ തീരുമാനമോ ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രത്യേക സർക്കാർ നിർദ്ദേശമോ കൗൺസിൽ തീരുമാനമോ ഇല്ലാതെ യൂസർ ഫീയിനത്തിൽ തുക കുറവ് ചെയ്തത് ക്രമവിരുദ്ധമാണ്. ഇപ്രകാരം തൻ വർഷം മറ്റ് മരാമത്ത് പ്രവൃത്തികളിൽ നിന്നും ആകെ സമാഹരിച്ച യൂസർ ഫീസ് കണക്കാക്കുകയും ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-10 എസ്റ്റിമേറ്റ് പോലുമില്ലാതെ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക കൈമാറി.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, കെ.എസ്.ഇ.ബി, വാട്ടർ അതോറിട്ടി എന്നീ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഏകദേശം 2 കോടിയോടടുത്ത തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഏന്തെല്ലാം പ്രവൃത്തികളാണ്, എവിടെയൊക്കെയാണ് നടപ്പിലാക്കേണ്ടത് എന്നത് സംബന്ധിച്ച സ്ഥാപനത്തിന്റെ വിശദമായ എസ്റ്റിമേറ്റില്ലാതെയാണ് പ്രോജക്ടുകളിൽ വകയിരുത്തിയിട്ടുള്ള തുക മുൻകൂറായി നല്കിയിട്ടുള്ളത്. കൂടാതെ നാളിതുവരെ പ്രസ്തുത പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനോ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പ്രസ്തുത സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടതായോ ഉള്ള വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദവിവരം താഴെ ചേർക്കുന്നു. കൃത്യമായ എസ്റ്റിമേറ്റ് പോലും തയ്യാറാക്കാതെ, എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കേണ്ടത് എന്ന് പോലും നിശ്ചയിക്കാതെ ചെലവ് പെരുപ്പിച്ച് കാണിക്കുന്നതിനായി ഡെപ്പോസിറ്റ് വർക്ക് എന്ന പേരിൽ തുക കൈമാറുന്നത് ആശാസ്യമായ നടപടിയല്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | സ്ഥാപനം | തുക | ബിൽ നമ്പർ | പൂർത്തീകരണ വിവരം |
|---|---|---|---|---|---|
| 1 | 515/18, 43 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി | 1,00,00,000 | 38/18, 20.1.18 | ഇല്ല. |
| 2 | 540/18, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | കെ.ഡബ്ല്യൂ.എ | 1250000 | 31/18, 12.1.18 | ഇല്ല. |
| | | | 6491994 | 37/18, 20.1.18 | |
| | | | 297906 | 40/18, 28.2.18 | |

മേൽ പ്രോജക്ടുകളിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യേണ്ടതെന്നോ, എവിടെയൊക്കെയാണ് ചെയ്യേണ്ടതെന്നോ ഉള്ള കൃത്യമായ എസ്റ്റിമേറ്റില്ലാതെ തുക കൈമാറിയത് ശരിയായ നടപടിയല്ല. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-11 കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

നഗരസഭയിൽ 2017-18 ൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ 2265455/-രൂപ ഈടാക്കി ഒടുക്ക് വരുത്തിയിട്ടുണ്ട്. 1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ആകെ പ്രവൃത്തിമൂല്യത്തിന്റെ 1% ബന്ധപ്പെട്ട വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം ഒടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജ്ജായി അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയതായി കാണുന്നില്ല. കളക്ഷൻ ചാർജ്ജിനത്തിൽ തുക കുറവ് ചെയ്യാതെ ക്ഷേമനിധി വിഹിതമിനത്തിൽ സമാഹരിച്ച തുക മുഴുവൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കിയതുമൂലം 22655രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും തിരികെ

ഈടാക്കുന്നതിനോ/തുടർന്നുള്ള പ്രവൃത്തികളിൽ നിന്നും ക്രമപ്പെടുത്തുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 3-12 ഡെപ്പോസിറ്റ് പ്രവൃത്തികൾ- മുൻകൂർ നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.

നഗരസഭ മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കായി കേരള വാട്ടർ അതോറിട്ടി/കെ.എസ്.ഇ.ബി എന്നിവയ്ക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ ചെയ്യുന്നതിനായി മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിനിയോഗ വിവരമോ/പൂർത്തീകരണ വിവരമോ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | നൽകിയ തുക | ബിൽ നമ്പർ | സ്ഥാപനം | പരാമർശം |
|---|---|---|---|---|---|
| 1 | 473/18, സീപോർട്ട് എയർപോർട്ട് റോഡ്, ചിറ്റേത്ത് കര ജംഗ്ഷൻ മുതൽ ഐ.എം.ജി, ഇൻഫോപാർക്ക് – ഗാൽവനൈസ്ഡ് പോൾ തെരുവ് വിളക്ക് സ്ഥാപിക്കൽ | 7600000 | 39/18, 20.1.18 | കെ.എസ്.ഇ.ബി | പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല. |
| | | 2400000 | 34/18 18.1.18 | | |
| 2 | 515/18, 43 വാർഡു കളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റൻഷൻ | 1,00,00,000 | 38/18, 20.1.18 | കെ. എസ്.ഇ.ബി | പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല. |
| 3. | 540/18, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1250000 | 31/18, 12.1.18 | കെ.ഡബ്ല്യൂ.എ | പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല. |
| | | 6491994 | 37/18, 20.1.18 | | |
| | | 297906 | 40/18, 28.2.18 | | |
| ആകെ | | 28039900 | | | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 28039900രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ താഴെപ്പറയുന്ന ചെലവുകൾ (1426944രൂപ) അവയ്ക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങളാൽ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവു വിവരം | തടസ്സപ്പെടുത്തുന്ന തുക | അപാകത |
|---|---|---|---|---|
| 5/18, പി.എച്ച്.സി. തൃക്കാക്കരയ്ക്ക് വേണ്ടി കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ | മെഡിക്കൽ ഓഫീസർ, കാക്കനാട് പി.എച്ച്.സി.. | KMCSL ൽ നിന്ന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങിയതിന് തുക നല്കിയത്. 33584 രൂപ, ബിൽ നമ്പർ 16, തീയതി. 28.03.2018 | 33584 രൂപ, | കമ്പ്യൂട്ടറും പ്രിന്ററും 7.2.2019 വരെ KMCSL ൽ നിന്ന് ഹെൽത്ത് സെന്ററിന് ലഭിച്ചിട്ടില്ലെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. |
| 3/18, ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ, കാക്കനാട് പി.എച്ച്.സി.. | KMCSL ൽ നിന്ന് മരുന്ന് വാങ്ങുന്നതിന് തുക നല്കിയത്. 2,00,000 രൂപ, | 28817 രൂപ | 2,00,000 രൂപ KMCSL ലിന് നല്കിയതിൽ 28817രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ലാത്തായി മെഡിക്കൽ ഓഫീസർ അറിയിച്ചു |

| | | | | |
|---|---|---|---|---|
| | | ബിൽ നമ്പർ 10, തീയതി. 21.01.2018 | | |
| 499/18, തെരുവു നായ്ക്കളെ നിയന്ത്രിക്കാൻ എ.ബി.സി. പ്രോഗ്രാം | ഹെൽത്ത് ഇൻസ്പെക്ടർ | 440000 രൂപ<br>Bill No.22/17-18 dtd.28.03.18. | 440000 രൂപ | കുടുംബശ്രീ ജില്ലാ മിഷൻ തുക കൈപ്പറ്റിയതിന് നല്കിയ രസീതും, തുകയുടെ വിനിയോഗ വിവരങ്ങളും, ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കി യില്ല. |
| 528/18, ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ | ഹെൽത്ത് ഇൻസ്പെക്ടർ | Rs.667690/- Bill No.1 dtd. 23.6.17, Rs.116963/- Bill No.2 dtd. 23.6.17, Rs.139890/- Bill No.3 Dtd. 23.6.17. ആകെ 924543 രൂപ | 924543 രൂപ | പ്രോജക്ടിന്റെ ചെലവു രേഖകൾ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല |
| ആകെ | | | 1426944/- രൂപ | |

അപാകതകൾ പരിഹരിക്കുന്നതുവരെ മേൽപ്പറഞ്ഞിരിക്കുന്ന ചെലവു തുക, 1426944/-രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ - | നൽകിയ തുക | ബിൽ നമ്പർ | സ്ഥാപനം |
|---|---|---|---|---|
| 1 | 473/18,സീപോർട്ട് എയർപോർട്ട് റോഡ്, ചിറ്റേത്ത് കര ജംഗ്ഷൻ മുതൽ ഐ.എം.ജി, ഇൻഫോ പാർക്ക് ഗാൽവനൈസ്ഡ് പോൾ തെരുവ് വിളക്ക് സ്ഥാപിക്കൽ | 7600000 | 39/18, 20.1.18 | കെ.എസ്.ഇ.ബി |
| | | 2400000 | 34/18 18.1.18 | |
| 2 | 515/18, 43വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റെൻഷൻ | 1,00,00,000 | 38/18, 20.1.18 | കെ. എസ്.ഇ.ബി |
| 3. | 540/18, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 1250000 | 31/18, 12.1.18 | കെ.ഡബ്ല്യൂ.എ |
| | | 6491994 | 37/18, 20.1.18 | |
| | | 297906 | 40/18, 28.2.18 | |
| 4. | കുഴൽക്കിണർ നിർമ്മാണം | 200000 | Vr no. 39of06/17 | ഗ്രൗണ്ട് വാട്ടർ വകുപ്പ്, എറണാകുളം |

| | | | | |
|---|---|---|---|---|
| 5. | -ടി- | 50000 | vr no.40 of 6/17 | -ടി- |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും തന്നെ നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം മുനിസിപ്പാലിറ്റിക്ക് വായ്പയിനത്തിൽ വരവില്ല.

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50000000 |
| തൻവർഷം നിക്ഷേപിച്ച തുക | 3591741 (പലിശ) |
| ആകെ | 53591741 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 53591741 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | Bank of Baroda | 30.3.2018 | 1 year 1month | 32154560 | - |
| 2 | SBI | 01.04.2018 | 1 year | 21437181 | - |
| ആകെ | | | | 53591741 | - |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 12 | 2004-05 | III-7(1) 13(ii) | ചെക്ക് പ്രകാരം പിൻവലിച്ച 150000 രൂപയിൽ 2119/- രൂപ മാത്രമേ ചെലവ് എഴുതിയിട്ടുള്ളൂ. ബാക്കിയുള്ള 147881/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്. | സമിതി തെളിവെടുത്തു. തീരുമാനം ആയിട്ടില്ല. |
| " | 47 | 2004-05 | III-7(1) 13(iii) | ലോക്കൽ നിരക്കിൽ ചെയ്ത പ്രവൃത്തിക്ക് പൊതുമരാമത്ത് നിരക്കിലുള്ള തുകയുടെ 50% കൂടി കൂട്ടിയ നിരക്കിനേക്കാൾ അധികം നൽകിയ തുക നിരാകരിച്ചു. | സമിതി തെളിവെടുത്തു. തീരുമാനം ആയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | നിരാകരണം 24829/- രൂപ | |
| 2000-01<br>2001-02 | 16 | 2004-05 | III-7(1)<br>13(i) | കൺവീനർക്ക് നൽകിയ കമ്പി, സിമന്റ് എന്നിവക്ക് ടെണ്ടർ എക്സസ് നൽകി. അധിക ചെലവ് 47145/- രൂപ | സമിതി തെളിവെടുത്തു. തീരുമാനം ആയിട്ടില്ല. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക
ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക
ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 518927649 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 430121527 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11935 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44884941 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4578 2410 | എസ്. രാജേന്ദ്രൻ, നഗരസഭ എഞ്ചിനീയർ |
| 3-7 | - | 2487 | റാണാ.എം. ആർ, നഗരസഭ എഞ്ചിനീയർ |
| 3-8 | - | 2460 | റാണാ.എം. ആർ, നഗരസഭ എഞ്ചിനീയർ |
| ആകെ | | 11935 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 8898528 | പി എസ് ഷിബു, സെക്രട്ടറി |
| ” | 4529819 | പി എസ് ഷിബു, സെക്രട്ടറി |
| 3-4 | 1989750 | പി എസ് ഷിബു, സെക്രട്ടറി |
| 3-12 | 28039900 | പി എസ് ഷിബു, സെക്രട്ടറി |
| 3-13(1426944) | 62401 | ഡോ.ധന്യ.കെ.വി,മെഡിക്കൽ ഓഫീസർ |
| | 440000 | പ്രദീപ്കുമാർ,ഹെൽത്ത് ഇൻസ്പെക്ടർ |
| | 924543 | ദീപം,ഹെൽത്ത് ഇൻസ്പെക്ടർ |
| ആകെ | 44884941 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-3 | 177970.56 |
| 3-5 | 36000 |
| 3-8 | 6983 |
| 3-9 1എ | 19732 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി എസ് ഷിബു, സെക്രട്ടറി | സെക്രട്ടറി, തൃക്കാക്കര നഗരസഭ | സുകുമാരവിലാസം, നടുവത്തുംചേരി ചവറ സൗത്ത് കൊല്ലം |
| എസ് രാജേന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃക്കാക്കര നഗരസഭ | ശ്രീരംഗം കല്ലേലി ഭാഗം കരുനാഗപ്പള്ളി, കൊല്ലം |
| റാണാ എം.ആർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമാക്കിയില്ല | മരോട്ടിമൂട്ടിൽ ഹൗസ് തട്ടാമല പി ഓ കൊല്ലം |
| ഡോ.ധന്യ.കെ.വി,മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,പി എച്ച് സി,തൃക്കാക്കര നഗരസഭ | ലഭ്യമാക്കിയില്ല |
| പ്രദീപ്കുമാർ,ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ,തൃക്കാക്കര നഗരസഭ | ലഭ്യമാക്കിയില്ല |
| ദീപം,ഹെൽത്ത് ഇൻസ്പെക്ടർ | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം |
|---|---|
| 1978-79 | എൽ.എഫ്.ഇ(പി3)2175/80/5.12.1981 |
| 1980-81 | എൽ.എഫ്.ഇ(പി3)2177/84/3.10.1987 |
| 1981-82 | എൽ.എഫ്.ഇ(പി3)1009/85/9.10.87 |
| 1982-83 | എൽ.എഫ്.ഇ(പി3)369/87/18.1.98 |
| 1983-84 | എൽ.എഫ്.ഇ(പി3)1469/88/3.11.88 |
| 1984-85 | എൽ.എഫ്.ഇ(പി3)1178/88/16.7.88 |
| 1985-86 | എൽ.എഫ്.ഇ(പി3)225/89/3.7.89 |
| 1986-87 | എൽ.എഫ്.ഇ(പി2)1707/90/13.6.91 |
| 1987-88 | എൽ.എഫ്.ഇ(പി2)1413/92/30.7.92 |
| 1988-89 | എൽ.എഫ്.ഇ(പി2)876/93/2.11.93 |
| 1989-90 | എൽ.എഫ്.ഇ(പി2)876/93/2.11.93 |
| 1990-91 | എൽ.എഫ്.ഇ(പി2)588/94/3.4.95 |
| 1991-92 | എൽ.എഫ്.ഇ(പി2) “ |
| 1992-93 | എൽ.എഫ്.ഇ(പി4)1303/05/22.9.06 |
| 1993-94 | എൽ.എഫ്.ഇ(പി4)1304/05/” |
| 1994-95 | എൽ.എഫ്.ഇ(പി4)1305/05/” |
| 1995-96 | എൽ.എഫ്.ഇ(പി4)1306/05/” |

| | |
|---|---|
| 1998-99 | എൽ.എഫ്.ഇ(പി3)1034/01/10.10.01 |
| 1999-00 | എൽ.എഫ്.ഇ(പി3)857/04/26.1.04 |
| 2000-01 | എൽ.എഫ്.ഇ(പി3)1078/04/12.1.05 |
| 2001-02 | എൽ.എഫ്.ഇ(പി3) “ |
| 2002-03 | എൽ.എഫ്.ഇ(പി4)472/08/24.11.08 |
| 2003-04 | എൽ.എഫ്.ഇ(പി4)473/08/” |
| 2004-05 | എൽ.എഫ്.ഇ(പി4)317/08/29.1.09 |
| 2005-06 | എൽ.എഫ്.ഇ(പി8)269/10/29.7.10 |
| 2006-07 | എൽ.എഫ്.ഇ(പി8)282/10/31.7.10 |
| 2007-08 | എൽ.എഫ്.ഇ(പി8)791/09/20.3.10 |
| 2008-09 | എൽ.എഫ്.ഇ(പി8)183/11/11.3.12 |
| 2009-10 | എൽ.എഫ്.ഇ(പി8)183/11/” |
| 2010-11 | എൽ.എഫ്.ഇ(എം.1)874/12/7.7.12 |
| 2011-12 | എൽ.എഫ്.ഇ(എം.1)1650/14/19.2.15 |
| 2012-13<br>2013-14 | എൽ.എഫ്.ഇ(എം.2)409/16/8.3.16 |
| 2014-15 | എൽ.എഫ്.ഇ(എം.1)1384/16/9.8.16 |
| 2015-16 | എൽ.എഫ്.ഇ(എം.1)141/17/8.2.17 |
| 2016-17 | കെഎസ്എ-ഇകെഎം(എം.1) 1775/2017/ 30.11.2017 |

ജോയിന്റ് ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.ഇകെഎം(എം1)222/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്.
ഫോൺ 0484 2422271
ഇ മെയിൽ - doekm.ksad@kerala.gov.in
തീയതി.21/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ

(സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **തൃക്കാക്കര നഗരസഭയുടെ** 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

**അക്കൗണ്ടിലെ മുന്നിരിപ്പ് തുകകളിലെ വ്യത്യാസം**

1)2016-17 ലെ വാർഷികധനകാര്യപത്രികയിലെ RP 40(b) പ്രകാരം Union Bank of India (ഹെഡ് 450210200) ലെ നീക്കിയിരിപ്പ് തുക 8,55,81,555.06 ആണ്.എന്നാൽ 2017-18 ലെ വാർഷികധനകാര്യപത്രികയിലെ RP 40(a) പ്രകാരം ടി അക്കൗണ്ടിലെ മുന്നിരിപ്പ് തുക 7,80,29,083.06 ആണ്.

2)2016-17 ലെ വാർഷികധനകാര്യപത്രികയിലെ RP 40(b) പ്രകാരം STSB (Own Fund)-21 A/c ലെ നീക്കിയിരിപ്പ് തുക 2,33,73,579 ആണ്. എന്നാൽ 2017-18 ലെ വാർഷികധനകാര്യപത്രികയിലെ RP 40(a) പ്രകാരം ടിഅക്കൗണ്ടിലെ മുന്നിരിപ്പ് തുക 1,94,80,366 ആണ്.

3)2016-17 ലെ വാർഷികധനകാര്യപത്രികയിലെ RP 40(b) പ്രകാരം ആകെ നീക്കിയിരിപ്പ് 11,17,10,563 ആണ്. എന്നാൽ 2017-18 ലെ

വാർഷികധനകാര്യപത്രികയിലെ RP 40(a) പ്രകാരം മുന്നിരിപ്പ് തുക 11,19,40,722.81 ആണ്.

4)2017-18 സാമ്പത്തികവർഷത്തിലെ വാർഷികധനകാര്യപത്രിക പ്രകാരം ഡി & ഒ ലൈസൻസ് ഇനത്തിലെ ഡിമാന്റ് ,കളക്ഷൻ , ബാലൻസ് തുകകളും ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.കെട്ടിടനികുതിയുടെ ഡിസിബി തയ്യാറാക്കിയിട്ടില്ല.

ഡി & ഒ ലൈസൻസ്

| വാർഷികധനകാര്യപത്രിക പ്രകാരം | | | ഹാജരാക്കിയ രേഖകൾ പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 3568613 | 2756885 (2016-17 ലെ അഡ്വാൻസ് ഉൾപ്പെടെ) | 764668 (81728എന്നാണ് വരേണ്ടിയിരുന്നത്) | 3568610 | 3504850 | 63760 |

ടി അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**